# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1765 — 10/02/2020 -ലെ മറുപടിയ്ക്ക്

**ഉന്നതവിദ്യാഭ്യാസമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ**

ചോദ്യം — ശ്രീ. വി.കെ.സി. മമ്മത് കോയ

ഉത്തരം — **ഡോ. കെ.ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരീക്ഷാനടത്തിപ്പ് സുഗമമാക്കുന്നതിനും, റിസൾട്ട് വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | (എ) | പരീക്ഷാനടത്തിപ്പ് സുഗമമാക്കുന്നതിനും, റിസൾട്ട് വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾക്കനുസൃതമായി സർവ്വകലാശാലകൾ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും യഥാസമയം നടത്തുന്നുണ്ട്. |
| (ബി) | കേരളത്തിലെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളും സേവനങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ടോ; | (ബി) | എ.പി.ജെ അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഒഴികെ മറ്റ് സർവ്വകലാശാലകളിലെ കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണമായിട്ടില്ല. |
| (സി) | സർക്കാർ കോളേജുകളിലെ ക്ലാസ്സ് മുറികൾ ഹൈ-ടെക് ആക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ സ്വീകരിക്കുമോ? | (സി) | പുതുതായി നിലവിൽ വന്ന മൂന്ന് കോളേജുകളിലൊഴികെ ബാക്കി എല്ലാ സർക്കാർ കോളേജുകളിലും ഹൈ-ടെക് ക്ലാസ്സ് മുറികൾ നിലവിലുണ്ട്. ആയത് നിലവിലില്ലാത്ത പുതിയ കോളേജുകളിൽ അടുത്ത സാമ്പത്തിക വർഷം ഹൈ-ടെക് ക്ലാസ്സ് മുറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലും പോളിടെക്ക്നിക് കോളേജുകളിലും |

| | | | |
|---|---|---|---|
| | | | പഠനപ്രക്രിയയിൽ വിവര സാങ്കേതികവിദ്യ യുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി യിട്ടുണ്ട്. സ്മാർട്ട് ക്ലാസ്റൂമുകളും ലൈബ്രറി ഓട്ടോമേഷനും നടപ്പിലാക്കിയിട്ടുണ്ട്. സുസജ്ജമായ കമ്പ്യൂട്ടർ ലാബുകളും കോമൺ കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും ലാംഗേജ് ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. |

Rakesh

സെക്ഷൻ ഓഫീസർ